17263
5/8/17

File No.FWLD-B2/203/2016-FWLD

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ശ്രീ വരാഹലക്ഷ്മി നരസിംഹ സ്വാമി ദേവസ്ഥാനം, സിംഹാചലം, വിശാഖപട്ടണത്തിന് 600 കിലോ ഗ്രാം ജെയ്പ്പൊകൽ ചന്ദനം അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (ബി) വകുപ്പ്**

**സ.ഉ.(സാധാ)/294/2017/വനം** തിരുവനന്തപുരം,തീയതി, 03/08/2017

പരാമർശം:- 1)13.06.2007 – ലെ സ. ഉ. (എം. എസ്) 39/07/വനം നമ്പർ ഉത്തരവ്.

2)ശ്രീ വരാഹലക്ഷ്മി നരസിംഹ സ്വാമി ദേവസ്ഥാനം, സിംഹാചലം, വിശാഖപട്ടണം ജോയിന്റ് കമ്മീഷണർ & എക്സിക്യൂട്ടീവ് ഓഫീസറുടെ 7.11.2016-ലെ F1/32/2013 നമ്പർ കത്ത്.

3)ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ - ന്റെ 02/12/2016,23.05.2017 തീയതികളിലെ പ്രൊ (5) 56190/2016 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ വരാഹലക്ഷ്മി നരസിംഹ സ്വാമി ദേവസ്ഥാനം, സിംഹാചലം, വിശാഖപട്ടണം ജോയിന്റ് കമ്മീഷണർ & എക്സിക്യൂട്ടീവ് ഓഫീസർ ചന്ദനയാത്ര എന്ന ഉത്സവത്തിനായി 600 കിലോ ഗ്രാം ജെയ്പ്പൊകൽ ക്ലാസിൽ പെട്ട ചന്ദനം പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ടി ക്ലാസ്സിലുള്ള ചന്ദനം 6079.380 കിലോഗ്രാം മറയൂർ ചന്ദന ഡിവിഷനിൽ സ്റ്റോക്കുണ്ടെന്നും പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും 2012-ലെ കേരള വനഭേദഗതി നിയമപ്രകാരമുള്ള വ്യവസ്ഥകൾക്കനുസരിച്ചും നിയമാനുസൃത ലൈസൻസ് കരസ്ഥമാക്കണമെന്ന നിർദ്ദേശത്തോടെയും ആന്ധ്രാ പ്രദേശിലെ ശ്രീ വരാഹലക്ഷ്മി നരസിംഹ സ്വാമി ദേവസ്ഥാനം, സിംഹാചലം-ന് ചന്ദനം അനുവദിക്കാവുന്നതാണെന്നും പരാമർശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ശുപാർശ ചെയ്തിരിക്കുന്നു.

2) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) - ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ശ്രീ വരാഹലക്ഷ്മി നരസിംഹ സ്വാമി ദേവസ്ഥാനം, സിംഹാചലം, വിശാഖപട്ടണത്തിന് ചന്ദനയാത്ര എന്ന ഉത്സവത്തിനായി മറയൂർ ഡിപ്പോയിൽ നിന്നും 600

കിലോ ഗ്രാം ജെയ്യൊാകൽ ചന്ദനം പരാമർശം ഒന്നിലെ ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായും 2012–ലെ കേരള വനഭേദഗതി നിയമപ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ച് നിയമാനുസരണമുള്ള ലൈസൻസ് കരസ്ഥമാക്കണമെന്നുള്ള നിർദ്ദേശത്തോടെയും, ഏറ്റവും ഒടുവിൽ നടന്ന ചന്ദന ലേലത്തിൽ ജെയ്യൊാകൽ ചന്ദനത്തിന് ലഭിച്ച തുകയ്ക്ക് അനുവദിച്ച് നൽകുന്നതിന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സ്സ്) ന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗിരിജ കുമാരി. ജി**
**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), തിരുവനന്തപുരം.
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മറയൂർ.
ജോയിന്റ് കമ്മീഷണർ & എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീ വരാഹലക്ഷ്മി നരസിംഹ സ്വാമി ദേവസ്ഥാനം, സിംഹാചലം, വിശാഖപട്ടണം, ആന്ധ്രാ പ്രദേശ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Veena
സെക്ഷൻ ഓഫീസർ

പകർപ്പ്:- വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)